ശ്രീ. ടി. കെ. ദിവാകരൻ : അതേപ്പറ്റി എൻക്വയറി നടത്തുകയില്ല എന്ന് പോലീസുമന്ത്രി പറഞ്ഞതിനുശേഷം പിന്നെയും ഈ എൻക്വയറി നടത്താൻ കാരണമെന്താണ് ?

ശ്രീ. എ. ജെ. ജാൺ : പിന്നെയും സഭയിലെ മെംബറന്മാർ പല പ്രാവശ്യവും ആവശ്യപ്പെട്ടതുകൊണ്ട് എൻക്വയറി നടത്തുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. പി. വി. അവിരാ തരകൻ. സർ, (ഈ)-യുടെയും, (എഫ്)-ന്റെയും ആൻസർ പറഞ്ഞില്ല.

ശ്രീ. എ. ജെ. ജാൺ : (ഈ & എഫ്) ഉണ്ടെന്നാണ് തോന്നുന്നത്. ഇക്കാര്യം എൻക്വയറിയിൽ ഇരിക്കുന്നതുകൊണ്ട് അതേപ്പറ്റി പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. വി. അവിരാ തരകൻ : ഈ കാസ്റ്റ്യൽ നേരത്തെ അയച്ചതാണ്. അതിനൊരു ആൻസർ കിട്ടണം.

ശ്രീ. എ. ജെ. ജാൺ : അതിന്റെ ഉത്തരം തൽക്കാലം കൈവശമില്ല.

ശുദ്ധജലവിതരണം.

* 623. [21] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കടലോരപ്രദേശങ്ങളിൽ ശുദ്ധജലം നൽകുന്നതിന് ഗവണ്മെന്റിനുള്ള സ്കീം എന്താണ് ;

(ബി) ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട തൃശ്ശൂർ പുറത്തെ ശുദ്ധജലദൌർല്ലഭ്യത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) അതിൽ എടുത്ത നടപടി എന്ത് ;

(ഡി) അവിടെ ഒരു കുഴൽക്കിണർ കുഴിക്കുന്നതിൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

മി. സ്പീക്കർ : ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : (ബി, സി, ഡി) ഇവയുടെ ഉത്തരം കിട്ടിയില്ല.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം) :

(ബി) ഇരിഞ്ഞാലക്കുടയിൽ നിന്നും പരാതി ലഭിച്ചിട്ടില്ല.

(സി & ഡി) അതിൽ എടുത്തനടപടി എന്താണെന്നുള്ള ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇരിഞ്ഞാലക്കുടയിൽനിന്നും പരാതികിട്ടിയിട്ടുണ്ടോ എന്നല്ല എന്റെ ചോദ്യം. ആ നിയോജകമണ്ഡലത്തിൽപ്പെട്ട തൃശ്ശൂർപുറത്തുനിന്നും പരാതി ലഭിച്ചിട്ടുണ്ടോ എന്നാണ്.

ശ്രീ. എ. എ. റഹീം : ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly